"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കുറക്കോട്, ജവഹർ എൽ.പി.എസ് ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി. സുമയ്യ.ജെ-യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4287/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. കുറക്കോട്, ജവഹർ എൽ.പി.എസ് മാനേജർ സമർപ്പിച്ച 19.10.2024-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.01.2025, 28.03.2025 തീയതികളിലെ എഫ്(4)/26026/2024 നമ്പർ കത്തുകൾ.

**ഉത്തരവ്**

കെ-ടെറ്റ് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അക്കാദമിക താൽപ്പര്യം മാത്രം മുൻ നിർത്തി നടത്തിയ ശ്രീമതി സുമയ്യ. ജെ -യുടെ 17.11.2021 തീയതി മുതൽ 31.03.2022 വരെ കാലയളവിലെയും, 08.06.2022 തീയതി മുതൽ 16.08.2022 വരെ കാലയളവിലെയും അവധി ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നാവശ്യപ്പെട്ടു കൊണ്ട് ജവഹർ എൽ.പി.എസ് മാനേജർ പരാമർശം (1) അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. കുറക്കോട് ജവഹർ എൽ.പി എസിലെ എൽ.ജി അറബിക് ശ്രീമതി ഹസീന.ജെ പ്രസവാവധി എടുത്ത ഒഴിവിൽ മാനേജർ 17.11.21 മുതൽ 31.3.22 വരെയാണ് ശ്രീമതി.സുമയ്യ ജെ യെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. നിയമനം നടത്തിയത് അംഗീകൃത മാനേജർ അല്ലാത്തതിനാൽ ടി നിയമനം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ നിരസിച്ചു. മാത്രമല്ല ടിയാൾ കെ-ടെറ്റ് 4 യോഗ്യത നേടിയിട്ടുമില്ല. തുടർന്ന് ശ്രീമതി ഹസീന.ജെ പരിവർത്തിതാവധി എടുത്ത ഒഴിവിൽ മാനേജർ 8.6.22 മുതൽ 16.8.22 വരെയാണ് ശ്രീമതി. സുമയ്യ ജെ യെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. നിയമിതയ്ക്ക് കെ-ടെറ്റ് ഇല്ലാത്തതിനാലാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ എഫ്4/239698/23 തീയതി 01.10.24 ലെ ഉത്തരവ് പ്രകാരവും നിരസിച്ചിരിക്കുന്നത്.

3) 2019-20 അദ്ധ്യയന വർഷത്തിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കാണ് 03.06.2019 ലെ സ.ഉ.(സാധാ) നം. 2106/2019 പൊ.വി.വ പ്രകാരം കെ-ടെറ്റ് വിജയിച്ചവരുടെ അഭാവത്തിൽ കെ-ടെറ്റ് ഇല്ലാത്തവരെയും പരിഗണിക്കാമെന്ന് പരാമർശിച്ചിരിക്കുന്നത്. എന്നാൽ 22.10.2021 ലെ സ.ഉ.(സാധാ) നം. 4761/2021/പൊ.വി.വ ഉത്തരവ്, 27.05.2022 ലെ സ.ഉ.(കൈ) നം. 88/2022/പൊ.വി.വ ഉത്തരവ് എന്നിവ പ്രകാരം 2021-22, 2022-23 അധ്യയന വർഷങ്ങളിൽ കെ-ടെറ്റ് യോഗ്യത നേടിയ/ഇളവ് ലഭിച്ചിട്ടുള്ള അധ്യാപകരെയാണ് ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത് എന്ന് ഉത്തരവായിട്ടുണ്ട്. ഇവിടെ ശ്രീമതി സുമയ്യ ജെ-യ്ക്ക് കെ-ടെറ്റ് യോഗ്യത ഇല്ല, ആയതിനാൽ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി സുമയ്യ. ജെ -യുടെ 17.11.2021 തീയതി മുതൽ 31.03.2022 വരെ കാലയളവിലെയും, 08.06.2022 തീയതി മുതൽ 16.08.2022 വരെ കാലയളവിലേയും അവധി ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം അംഗീകരികണമെന്ന ആവശ്യം പരിഗണനാർഹമല്ലായെന്ന് കാണുന്നു. ആയതിനാൽ കുറക്കോട്, ജവഹർ എൽ.പി.എസ് മാനേജർ സമർപ്പിച്ച പരാമർശം (1) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചടയമംഗലം.
മാനേജർ, ജവഹർ എൽ.പി.എസ്, കുറക്കോട്, കോലായിൽ പി.ഒ കൊല്ലം - 691541
പ്രധാനാധ്യാപകൻ, ജവഹർ എൽ.പി.എസ്, കുറക്കോട്, കോലായിൽ പി.ഒ കൊല്ലം - 691541
ശ്രീമതി. സുമയ്യ.ജെ, ജൂനിയർ അറബിക്, ജവഹർ എൽ.പി.എസ്, കുറക്കോട്, കോലായിൽ പി.ഒ കൊല്ലം - 691541
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 28-06-2025 14:23:49
സെക്ഷൻ ഓഫീസർ